## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2953** **20.03.2015 ലെ മറുപടിയ്ക്ക്**

# ചേർത്തല മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അഡ്മിനിസ്ട്രേഷൻ ബ്ലോക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.തിലോത്തമൻ | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ചേർത്തല മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അഡ്മിനിസ്ട്രേഷൻ ബ്ലോക്ക് നിർമ്മിക്കുന്നതിനുവേണ്ടി 2012 ലെ മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും 58.3 ലക്ഷം രൂപ അനുവദിച്ച് ലഭിച്ച ഭരണാനുമതി ഉത്തരവ് പ്രകാരമുള്ള തുക കൈമാറുന്നതു സംബന്ധിച്ച ഫയൽ വച്ചു താമസിപ്പിച്ചവർക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ പരാതിയിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ? | (എ) ചേർത്തല മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അഡ്മിനിസ്ട്രേഷൻ ബ്ലോക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട ഫയൽ വച്ചു താമസിപ്പിച്ചതിനെപ്പറ്റിയുള്ള പരാതിയൊന്നുംതന്നെ പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭിച്ചിട്ടില്ല. എന്നാൽ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് കൈമാറുവാനായി പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയ 58.3 ലക്ഷം രൂപയുടെ ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തി ആലപ്പുഴ പൊതുമരാമത്ത് വകുപ്പ് ഡിവിഷൻ ഓഫീസിൽ ടെണ്ടർ ചെയ്യുകയും, ശ്രീ. വി.എസ്. ശ്രീകുമാർ എന്ന കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ